ശ്രീ. ടി. വി. തോമസ്: തൊണ്ടുതല്ലുന്നതിനു യന്ത്രങ്ങളും ഉപയോഗിക്കുന്നതു് നിരുത്സാഹപ്പെടുത്തണമെന്നു് നിവേദനം കിട്ടിയിട്ടുണ്ടു്. കയർപിരി യന്ത്രങ്ങളും പ്രോത്സാഹിപ്പിക്കണമെന്നും നിവേദനം കിട്ടിയിട്ടുണ്ടു്.

ഇൻഡസ്ട്രിയൽ കോഓപ്പറേറ്റീവു് സൊസൈറ്റികളിലെ യന്ത്രസാമഗ്രികളും

* 229 [815] ശ്രീ. പി. വി. അബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവു് സൊസൈറ്റികൾക്കു് നൽകിയിട്ടുള്ള ഗ്രാൻറു്, ലോൺ മുതലായവകൊണ്ടു വാങ്ങിയിട്ടുള്ള ഭീമമായ തുകയ്ക്കുള്ള യന്ത്രസാമഗ്രികളും ഉപയോഗിക്കപ്പെടാതെ കിടക്കുന്ന വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ യന്ത്രസാമഗ്രികളും ഗവണ്മെൻറുതന്നെ തിരികെ എടുത്തു് ആവശ്യമുള്ളവർക്കു് കൊടുക്കാൻ എർപ്പാടു ചെയ്യുമോ;

(സി) എങ്കിൽ ഇങ്ങനെ എടുക്കപ്പെടുന്ന യന്ത്രങ്ങളുടെ മുടക്കുമുതൽ സൊസൈറ്റികളുടെ ലോണിൽനിന്നും കിഴിവുചെയ്തു കൊടുക്കാനും ഗവണ്മെൻറു് സത്വരനടപടികളും സ്വീകരിക്കുമോ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) ഉണ്ടു്.

(ബി) ഗവണ്മെൻറു് സഹായത്തോടെ വാങ്ങിയിട്ടുള്ള യന്ത്രസാമഗ്രികളും ഉപയോഗിക്കുന്നില്ലെങ്കിൽ സഹകരണസംഘം ആകുന്നും പൂളിനും വിധേയമായി വിൽക്കുവാൻ എർപ്പാടു ചെയ്യുകയോ മറ്റു രീതിയിൽ കൈകാര്യം ചെയ്യുകയോ ചെയ്യാവുന്നതാണു്.

(സി) സംഘങ്ങളും ഗവണ്മെൻറുമായി ഏർപ്പെട്ടിട്ടുള്ള കരാറുകളുംക്കും സംഘങ്ങളുടെ നിബന്ധനകൾക്കും വിധേയമായി ഇക്കാര്യത്തിൽ വേണ്ട പരിശോധന നടത്തി തീരുമാനമെടുക്കുന്നതാണു്.

ശ്രീ. പി. വി. അബ്രഹാം: ഏതെങ്കിലും സൊസൈറ്റികളിൽനിന്നും നിവേദനങ്ങളും കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ്: അങ്ങനെ സ്പെസിഫിക്കായിട്ടു് നിവേദനം ഏതെങ്കിലും സൊസൈറ്റികളിൽനിന്നു കിട്ടിയതായി ഓർക്കുന്നില്ല. അങ്ങനെ കിട്ടിയിട്ടുണ്ടെങ്കിൽ പൂളിനും ചട്ടങ്ങൾക്കും വിരുദ്ധമല്ലാത്ത നിലയിൽ സ്വീകരിക്കുവാൻ ഗവണ്മെൻറു് തയ്യാറാണു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഗവണ്മെൻറു് ധാരാളം തുക ലോണായിട്ടു് കൊടുത്തിട്ടുള്ള ചെറുകിട വ്യവസായങ്ങൾ നിമ്മിച്ച സാധനങ്ങൾ ഗവണ്മെൻറു് സ്ഥാപനങ്ങൾ വാങ്ങുന്നതിനുവേണ്ടിയുള്ള വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ ?

ശ്രീ. ടി. വി. തോമസ്: ചെറുകിട വ്യവസായ യൂണിറ്റുകൾ എന്ന നിലയിൽ പത്തു ശതമാനം പ്രൈസ് പ്രിഫറൻസ് കൊടുക്കണം. വൻകിട യൂണിറ്റുകൾക്കും, മീഡിയം യൂണിറ്റുകൾക്കും അഞ്ചു ശതമാനം കൊടുക്കണമെന്നും ഗവണ്മെൻറു തീരുമാനമെടുത്തിട്ടുണ്ടു്. രണ്ടാമതു് ഈ സൊസൈറ്റികളെ പ്രോത്സാഹിപ്പിക്കുവാനും സഹായിക്കാനും അവർ ഉൽപ്പാദിപ്പിക്കുന്ന സാധന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾക്കു് വിൽപ്പന നികുതി ഇളവുചെയ്തു കൊടുക്കാമോ എന്ന കാര്യം ഡിപ്പാർട്ടുമെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണു്. ആ കാര്യം വളരെ ഗൗരവമായി ആലോചിക്കുകയാണു്. ഇതേപ്പറ്റി തീരുമാനമെടുത്തിട്ടില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഗവണ്മെൻറു് ഇങ്ങനെ തീരുമാനിച്ചിട്ടുണ്ടെങ്കിലും പ്രിൻേറഴ്സു് സൊസൈറ്റി പോലുള്ളവയ്ക്കു് ഗവണ്മെൻറു് പ്രൈസു് പ്രിഫറൻസു് കൊടുക്കുന്നില്ല എന്നുള്ള കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസു്: അങ്ങനെയൊരു പരാതി കിട്ടിയിട്ടില്ല. ഇതേപ്പറ്റി വിവിധ ഡിപ്പാർട്ടുമെൻറുകളും കാര്യമായി പരിഗണിച്ചിട്ടുണ്ടെന്നാണു് എൻെറ അറിവു്.

(ii) WRITTEN ANSWERS

സ്ലൂട്ടർ നിർമ്മാണ ഫാക്ടറി.

* 230 [816] ശ്രീ. ആർ. ഗോപാലകൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറുടമയിൽ ഒരു സ്ലൂട്ടർ നിർമ്മാണ ഫാക്ടറി ആലപ്പുഴ ജില്ലയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയാണു്;

(സി) ഇതിലേക്കു് സ്ഥലം അക്വയർ ചെയ്യാൻ ഉത്തരവായോ;

(ഡി) എങ്കിൽ മൊത്തത്തിൽ എത്ര ഏക്കർ സ്ഥലം അക്വയർ ചെയ്യാനാണുദ്ദേശിക്കുന്നതു്;

(ഇ) ഇതിൽ ഫാക്ടറി ബിൽഡിംഗു്, ആഫീസു്, ഗോഡൗൺ, ക്വാർട്ടേഴ്സു് തുടങ്ങിയ ഓരോ ഇനത്തിലും ആവശ്യമായ സ്ഥലം എത്രയെന്നു് വ്യക്തമാക്കാമോ;

(എഫു്) ഈ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള മൊത്തം ചെലവെത്ര;

(ജി) ഓരോ വർഷവും ഈ ഫാക്ടറിയിൽ നിന്നും എത്ര സ്ലൂട്ടർ വീതം ഉല്പാദിപ്പിക്കാനാണുദ്ദേശിക്കുന്നതു്;

(എച്ചു്) ഈ സ്കീം എന്നു മുതൽ നടപ്പിലാക്കാനാണുദ്ദേശിക്കുന്നതു്?

വ്യവസായമന്ത്രി. (ശ്രീ. ടി. വി. തോമസു്):

(എ) ഉണ്ടു്. പക്ഷെ ഗവണ്മെൻറുടമയിലായിരിക്കുകയില്ല.

(ബി) അമ്പലപ്പുഴ താലൂക്കിൽ എവിടെയെങ്കിലും ആയിരിക്കും.

(സി, ഡി) സ്ഥലം അക്വയർ ചെയ്യാൻ ഉത്തരവൊന്നും ആയിട്ടില്ല. എന്നാൽ, അമ്പലപ്പുഴ താലൂക്കിൽ, പുന്നപ്ര വില്ലേജിൽ ഏകദേശം 200 ഏക്കർ സ്ഥലം ''പ്രോജക്ടു് ഏരിയ'' ആയി പ്രഖ്യാപിച്ചിട്ടുണ്ടു്.

(ഇ) വിശദമായ തീരുമാനങ്ങൾ എടുത്തിട്ടില്ല.

(എഫു്) Industrial Estate ൻെറ മോഡലിലായിരിക്കും. ഏകദേശം 150 ലക്ഷം രൂപ മുടക്കുണ്ടാകുമെന്നു് പ്രതീക്ഷിക്കുന്നു.

(ജി) 15,000 സ്ലൂട്ടറുകൾ.

(എച്ചു്) 24 മാസത്തിനകം. പക്ഷെ അതിനു മുമ്പുതന്നെ അസംബ്ലിംഗു് യൂണിറ്റു് നടപ്പിൽ വരുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly